## നിങ്ങളുടെ വിഹിത നിക്ഷേപത്തിന്റെ ആവൃത്തി.

നിങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന്റെ ആവൃത്തി ക്ലിപ്തപ്പെടുത്തിയിട്ടില്ല. നിങ്ങളുടെ സൗകര്യമനുസരിച്ച് നിക്ഷേപിക്കാം. മാസം തോറുമോ, മൂന്നു മാസം അല്ലെങ്കിൽ ആറു മാസം കൂടുമ്പോഴോ വർഷത്തിൽ ഒരിക്കലോ പണം അടക്കാം. എല്ലാ നിക്ഷേപങ്ങളും നിങ്ങളുടെ ബാങ്കിൽ നിന്നു നേരിട്ടായിരിക്കും നിക്ഷേപിക്കപ്പെടുക

## ഇൻഡ്യയിലേയ്ക്ക് തിരിച്ചു വരുമ്പോൾ.

ഇൻഡ്യയിൽ തിരിച്ചെത്തുന്ന സമയത്ത് ആവശ്യമെങ്കിൽ നിങ്ങളുടെ ആർ & ആർ സമ്പാദ്യമായി സമാഹരിക്കപ്പെട്ട തുക മുഴുവനായും പിൻ വലിക്കാം.

എൻ പി എസ് ലൈറ്റ് അക്കൗിലുള്ള സമ്പാദ്യം പി എഫ് ആർ ഡി എ നിയന്ത്രിത പെൻഷൻ ഫുകളിൽ നിക്ഷേപമായി തുടരും. നിങ്ങൾക്കു തുടർന്നും പെൻഷൻ സമ്പാദ്യത്തിലേക്ക് നിക്ഷെപിക്കാം. 60 വയസ്സ് പൂർത്തിയാകുമ്പോൾ നിങ്ങൾക്ക് എൻ പി എസ് ലൈറ്റ് അക്കൗിൽ നിന്നുള്ള സ്ഥിരം പെൻഷൻ ലഭിക്കാൻ തുടങ്ങും.

## ആവശ്യമായ വിവരങ്ങൾ ലഭിക്കാൻ

***MGPSY*** കുറിച്ച് എന്തെങ്കിലും ചോദ്യങ്ങളുങ്കെിൽ അല്ലെങ്കിൽ കൂടുതൽ വിവരങ്ങൾ അറിയുന്നതിന് –

ടോൾ ഫ്രീ ഹെൽപ് ലൈനിലേക്ക് വിളിക്കൂ:
1800 113 090 (India), 80046342 (UAE)
നിങ്ങൾക്ക് ബാങ്ക് ഓഫ് ബറോഡയുടെ തൊട്ടടുത്ത ശാഖയെ അല്ലെങ്കിൽ യു.എ.ഇ.യിലുള്ള ഇന്ത്യൻ വർക്കേഴ്സ് റിസോഴ്സ് സെന്ററിനെ (പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നരം 3 മണിക്കും 7 മണിക്കും ഇടയിൽ) സമീപിക്കാവുന്നതുമാണ്.

ഈ വിലാസത്തിലേക്ക് ഇമെയിൽ ചെയ്യുക:
inf.mgpsy@moia.nic.in, help@iwrc-uae.com

प्रवासी भारतीय कार्य मंत्रालय
Ministry of Overseas Indian Affairs
www.moia.gov.in


പ്രവാസി ഭാരതീയ കാര്യ മന്ത്രാലയം

ഗവണ്മെന്റ് ഓഫ് ഇൻഡ്യാ

9 -ാം നില, അക്ബർ ഭവൻ

ന്യൂഡൽഹി-**110021**

ടോൾ ഫ്രീ നമ്പർ **1800 113 021(India)**

ഇ മെയിൽ: **inf.mgpsy@moia.nic.in**

വെബ് സൈറ്റ്: **www.moia.gov.in**


MAHATMA GANDHI
PRAVASI
SURAKSHA
YOJANA

# മഹാത്മാ ഗാന്ധി
# പ്രവാസി സുരക്ഷാ യോജന

*ഇ സി ആർ രാജ്യങ്ങളിലെ, എമിഗ്രേഷൻ പരിശോധനആവശ്യമുള്ള, (ഇ.സി.ആർ) പാസ്പോർട്ട് ഉള്ള പ്രവാസി ഇൻഡ്യൻ തൊഴിലാളികൾക്ക് വേിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി.*

प्रवासी भारतीय कार्य मंत्रालय
Ministry of Overseas Indian Affairs
www.moia.gov.in

പ്രവാസി ഭാരതീയ കാര്യ മന്ത്രാലയം

(എം.ഒ.ഐ.എ)

ഭാരത സർക്കാർ

## എം.ജി.പി.എസ്.വൈ പദ്ധതിയെക്കുറിച്ച്.

**ഇ സി ആർ രാജ്യങ്ങളിലെ പ്രവാസി ഇൻഡ്യൻ തൊഴിലാളികൾക്കായി പ്രവാസി ഭാരതീയ മന്ത്രാലയം പ്രത്യേകമായി രൂപകല്പനചെയ്ത ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് ഇത്.** ഇത് ഒരു വോളറി സ്കീം ആണ്. **ഈ പദ്ധതി വിദേശത്തായിരിക്കുന്ന സമയത്ത് നിങ്ങൾക്ക് സൗജന്യ ഇൻഷുറൻസ് പരിരക്ഷ നല്കുന്നതോടൊപ്പം നിങ്ങളുടെ പുനരധിവാസത്തിനും, വാർദ്ധക്യ കാല പെൻഷനും വേി സ്ഥിരമായ സമ്പാദ്യം ഉാക്കാൻ സഹായിക്കുകയും ചെയ്യുന്നു.** നിങ്ങളുടെ പെൻഷൻ പുനരധിവാസം എന്നിവയ്ക്ക് സഹായമാകാനും പ്രത്യേക ചിലവില്ലാതെ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാനുമായി എംഒഐഎ സഹ വിഹിതം നൽകുന്നു.

## എം.ജി.പി.എസ്.വൈ കൊ് നിങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

എം.ജി.പി.എസ്.വൈ യിൽ അംഗമാകുന്ന പ്രവാസി തൊഴിലാളികൾക്ക് മൂന്ന് പ്രധാന ആനുകൂല്യങ്ങൾ ലഭിക്കുന്നു.

1. NPS ലൈറ്റ് മുഖേന വാർധക്യ പെൻഷൻ സംരക്ഷണം.
2. തിരിച്ചു വരവിനും പുനരധിവാസത്തിനുമായി (ആർ & ആർ) സെബി യുടെ നിയന്ത്രണത്തിലുള്ള UTI മ്യൂചൽ ഫ് ആയ UTI AMC യുടെ മന്ത്‌ലി ഇൻക്കം സ്കീമിലൂടെ സമ്പാദ്യം.
3. LIC യുടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷ.

## എം.ജി.പി.എസ്.വൈ ക്കുള്ള യോഗ്യതാ മാനദണ്ഡം.

താല്ക്കാലിക തൊഴിൽ/കരാർ വിസ മുഖേനഇ സി ആർ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരോ ജോലിക്കായി പോകുന്നവരോ ആയ എമിഗ്രേഷൻ പരിശോധനആവശ്യമുള്ളത് (ECR) എന്ന മുദ്ര പതിച്ച പാസ്പോർട്ട് കൈവശമുള്ള **18** നും **50** നും മദ്ധ്യേ പ്രായമുള്ള ഇൻഡ്യൻ തൊഴിലാളികൾക്ക് എം ജി പി എസ് വൈ യിൽ അംഗമാകാം.

## മന്ത്രാലയത്തിന്റെ സഹായ വിഹിതം

| വരിക്കാർ | വരിക്കാരുടെ കുറഞ്ഞ സ്വന്തം വാർഷിക സമ്പാദ്യം. | ഓരോ വരിക്കാർക്ക് മന്ത്രാലയത്തിന്റെ കുറഞ്ഞ വാർഷിക വിഹിതം | *വരിക്കാർക്ക് കിട്ടുന്ന മൊത്തം വാർഷിക സമ്പാദ്യം.* |
|---|---|---|---|
| സ്ത്രീ തൊഴിലാളി | രൂപ 5,000 | രൂപ 2,000+900 | രൂപ 7,900 |
| പുരുഷ തൊഴിലാളി | രൂപ 5,000 | രൂപ 1,000+900 | രൂപ 6,900 |

*എം.ജി.പി.എസ്.വൈ യിൽ മന്ത്രാലയത്തിന്റെ വിഹിതം വരിക്കാർ*

*എ ൻ പി എസ് ലൈറ്റ്, ആർ & ആർ പദ്ധതി എന്നിവയിലേക്കുള്ള വിഹിതം ശരിയായി അടക്കുന്നതിനനുസരിച്ചായിരിക്കും. ഈ സഹായ വിഹിതം കൂടിയത് 5 വർഷം അല്ലെങ്കിൽ വിദേശത്ത് തൊഴിൽ നില നില്ക്കുന്ന സമയം ഇതിൽ ഏതാണോ ആദ്യം അതു വരെ തുടരും.*

## എം.ജി.പി.എസ്.വൈ യിൽ നിങ്ങളുടെ സേവനദാതാവ്.

എം.ജി.പി.എസ്.വൈ യുടെ കീഴിലുള്ള വരിക്കാരെ സംബന്ധിക്കുന്ന എല്ലാ സേവനങ്ങളും മന്ത്രാലയം നിയോഗിക്കുന്ന സേവനദാതാക്കളാണ് നല്കുക. പ്രൊട്ടെക്റ്റർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽ നിന്നോ സ്വന്തം ഓഫീസിൽ നിന്നൊ പ്രവർത്തിക്കുന്ന ഈ ഏജൻസികൾ ആണ് നിങ്ങൾക്ക് *എം.ജി.പി.എസ്.വൈ* യിൽ അംഗത്വം നല്കുക. *ഇങ്ങനെയുള്ള ഏജൻസികളെ (സേവനദാതാക്കളെ) കുറിച്ചുള്ള വിവരങ്ങൾ അടുത്തുള്ള പി ഓ ഈ ഓഫീസിൽ നിന്നോ അല്ലെങ്കിൽ എം.ജി.പി.എസ്.വൈ യുടെ ടോൾ ഫ്രീ നംബറായ 1800-113090 യിൽ നിന്നോ ലഭിക്കും.*

## എം.ജി.പി.എസ്.വൈ യിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ.

അംഗമാകുന്നതിനായി നിങ്ങൾ സേവനദാതാവ് ഒരുക്കിയ എൻ റോൾമെന്റ് കേന്ദ്രത്തിൽ പോകേതു്.

3 പാസ്സ്പോർട്ട് സൈസ് ഫോട്ടോകളും പാസ്സ്പോർട്ടിന്റെയും മേൽ വിലാസം തെളിയിക്കുന്ന രേഖയുടെയും അറ്റസ്റ്റ് ചെയ്ത കോപ്പി ആവശ്യമാണ്.

നിങ്ങൾക്ക് പ്രാബല്യത്തിലുള്ള ഒരു ബാങ്ക് അക്കൌ് ഉന്നെ ഉറപ്പു വരുത്തുക. പങ്ക്സ്സ് ബുക്ക്, ചെക് ബുക് എന്നിവ കയ്യിൽ കരുതുക.

കമ്പ്യൂട്ടർ തയ്യാറാക്കുന്ന സംയോജിത എം.ജി.പി.എസ്.വൈ അപേക്ഷാ ഫോറവും നിങ്ങളുടെ വിഹിതത്തിന്റെ സ്റ്റേറ്റ്മെന്റും ഒപ്പുവെക്കണം.

നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന വരിക്കാർ ഇൻഡ്യയിലെ ബാങ്കിൽ ഒരു NRE/NRO അക്കൌ് തുടങ്ങണം ബാങ്ക് അക്കൌ് ഇല്ലെങ്കിൽ അത് തുടങ്ങുവാൻ സേവനദാതാവ് സഹായിക്കും.

## നിങ്ങൾക്ക് വാർദ്ധക്യ കാല പെൻഷൻ.

എം.ജി.പി.എസ്.വൈ യിൽ നിങ്ങളുടെ പെൻഷൻ പി എഫ് ആർ ഡീ എ നിയന്ത്രിക്കുന്ന എൻ പി എസ് ലൈറ്റ് പദ്ധതിയിലൂടെയാണു ലഭ്യമാകുന്നത്. ഇൻഡ്യൻ തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേി പ്രത്യേകം രൂപകല്പനചെയ്ത ദേശീയ പെൻഷൻ സംവിധാനത്തിനു കീഴിലുള്ള ഒരു സവിശേഷ പദ്ധതിയാണ് ഇത്.

വാർദ്ധക്യ കാലത്തേക്കു വേി സമ്പാദ്യം കരുതി വെക്കാൻ ഈ പദ്ധതി സഹായകമാകും. വിശ്വാസ്യതയുള്ള പൊതു മേഖലാ പെൻഷൻ ഫുകളാണ് നിങ്ങളുടെ വാർദ്ധക്യ കാല സമ്പാദ്യം കൈകാര്യം ചെയ്യുന്നത്. നിങ്ങൾ രൂപ 1000/- മുതൽ 12000/- വരെ പെൻഷൻ അക്കൌിലേക്ക് നിക്ഷേപിക്കുമ്പോൾ മന്ത്രാലയത്തിന്റെ സഹ വിഹിതമായി പുരുഷൻമാർക്ക് 1000 രൂപയും സ്ത്രീകൾക്ക് 2000 രൂപയും നിങ്ങളുടെ എൻ പി എസ് ലൈറ്റ് അക്കൌിലേക്ക് ചേർക്കപ്പെടുന്നു

## നിങ്ങളുടെ തിരിച്ചു വരവിനും പുനരധിവാസത്തിനും (ആർ & ആർ) വേിയുള്ള സമ്പാദ്യം

ഇൻഡ്യയിലേക്ക് തിരിച്ച് വരുന്ന സമയത്ത് ഉായേക്കാവുന്ന അടിയന്തിര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു മാർഗ്ഗം, ആർ & ആർ സമ്പാദ്യം എന്ന നിലയിൽ എം.ജി.പി.എസ്.വൈ യിൽ ലഭ്യമാണ്. നിങ്ങളുടെ ആർ & ആർ അക്കൌിലുള്ള സമ്പാദ്യം കൈകാര്യം ചെയ്യുന്നത് ഇൻഡ്യയിലെ ഏറ്റവും പഴക്കം ചെന്ന ധനകാര്യ സ്ഥാപനങ്ങളിൽ ഒന്നായ UTI-AMC ആണ്. ഈ പദ്ധതി വഴി സമാഹരിക്കുന്ന സമ്പാദ്യം നിങ്ങളുടെ പുനരധിവാസത്തിനുള്ള അടിയന്തിര ആവശ്യങ്ങൾക്ക് ഉപയോഗപ്പെ ടുത്താൻ സഹായകമാകും. നിങ്ങൾ ഈ പദ്ധതിയിൽ 4000 രൂപ നിക്ഷേപിക്കുമ്പോൾ മന്ത്രാലയത്തിന്റെ സഹ വിഹിതമായി 900 രൂപ നിങ്ങളുടെ ആർ & ആർ അക്കൌിൽ ലഭിക്കും.

## നിങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ

എം.ജി.പി.എസ്.വൈ യിലെ അംഗമായ ഒരു പ്രവാസി ഇൻഡ്യൻ തൊഴിലാളി എന്ന നിലയിൽ നിങ്ങൾക്ക് സൗജന്യമായി ജനശ്രീ ബീമാ യോജനപ്രകാരമുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. നിങ്ങൾ ഒരു ഇ സി ആർ രാജ്യത്ത് ജോലി ചെയ്യുന്നേടത്തോളം കാലം ഈ ഇൻഷുറൻസ് പരിരക്ഷ പ്രാബല്യത്തിൽ ഉാകും. ഈ പദ്ധതി പ്രകാരം നിങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കും.

സ്വാഭാവിക മരണം സംഭവിച്ചാൽ നിങ്ങളുടെ കുടുംബത്തിന് എൽ ഐ സി യിൽ നിന്നു 30000 രൂപ ലഭിക്കും.

അപകടം മൂലം മരണമോ സ്ഥിരമായ അംഗ വൈകല്യമോ സംഭവിക്കുകയാണെങ്കിൽ സാഹചര്യമനുസരിച്ച് നിങ്ങൾക്കോ കുടുംബത്തിനോ 75000 രൂപ എൽ ഐ സി നൽകുന്നതാണ്.

അപകടം മൂലം ഭാഗികമായി അംഗ വൈകല്യം സംഭവിച്ചാൽ നിങ്ങൾക്ക് എൽ ഐ സി 37500 രൂപ നൽകും.

## നിങ്ങളുടെ സമ്പാദ്യത്തിന്റെ വളർച്ച.

മന്ത്രാലയം നിയോഗിക്കുന്ന പ്രശസ്ത ധനകാര്യ സ്ഥാപനങ്ങൾ നിങ്ങളുടെ സമ്പാദ്യം കൈകാര്യം ചെയ്യും. ഏറിയ പങ്കും ഗവണ്മെന്റ് ബോുകളിൽ ആയിരിക്കും ഇത് നിക്ഷേപിക്കുക. നിങ്ങളുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനായി ഇൻഡ്യാ ഗവണ്മെന്റ് രൂപീകരിച്ച 2 ഏജൻസികളായ പി എഫ് ആർ ഡി എ, സെബി എന്നിവയുടെ നിയമങ്ങൾക്ക് അനുസ്രുതമായി നിങ്ങളുടെ സമ്പാദ്യത്തിന്റെ ചെറിയൊരു അംശം വൻ കിട കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കും.

എൻ പി എസ് ലൈറ്റ്, യു റ്റി ഐ എം ഐ എസ് എന്നിവയിലുള്ള നിങ്ങളുടെ സമ്പാദ്യത്തിന്റെ വളർച്ചാ നിരക്ക് നിജപ്പെടുത്തിയതോ ഗാരിയുള്ളതോ അല്ല. ഈ പദ്ധതികളിൽ നിന്നുള്ള വരുമാനം കമ്പോള നിലയെ ആശ്രയിച്ചായിരിക്കും.